**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 20** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>അതിവേഗ റെയിൽ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. ദീപക് ജോയ് (മുഖ്യമന്ത്രി)

ശ്രീ. എഫ്. രാജ

ശ്രീ. കെ. ബിനിമോൻ

**(എ)** കേരളത്തിൽ അതിവേഗ റെയിൽപാത സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 473.20 കിലോമീറ്റർ ദൈർഘ്യമുള്ള സ്റ്റാൻഡേർഡ് ഗേജ് പാതയിലൂടെ കേരള അതിവേഗ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

**(ബി)** സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന അതിവേഗ റെയിൽപാതയുടെ ഗുണങ്ങൾ എന്തൊക്കെയാണെന്നും സംസ്ഥാനത്ത് എവിടെയെല്ലാം സേവനം ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായുമുള്ള വിവരം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മേൽ റിപ്പോർട്ടിലെ സാങ്കേതിക, സാമ്പത്തിക, പരിസ്ഥിതി വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിശദമായ പരിശോധനകൾക്കും ശേഷം മാത്രമേ അതിവേഗ റെയിൽപാത സ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈകൊള്ളാൻ സാധിക്കുകയുള്ളൂ. പദ്ധതിയെ പറ്റി നയപരമായ തീരുമാനമെടുത്ത ശേഷം മാത്രമേ പദ്ധതി നടത്തിപ്പിനാവശ്യമായ അനുമതികൾക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കുകയുള്ളൂ.

**(സി)** അതിവേഗ റെയിൽപാത സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; അതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മേൽ റിപ്പോർട്ടിലെ സാങ്കേതിക, സാമ്പത്തിക, പരിസ്ഥിതി വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതി

സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിശദമായ പരിശോധനകൾക്കും ശേഷം മാത്രമേ അതിവേഗ റെയിൽപാത സ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. പദ്ധതിയെ പറ്റി നയപരമായ തീരുമാനമെടുത്ത ശേഷം മാത്രമേ പദ്ധതി നടത്തിപ്പിനാവശ്യമായ അനുമതികൾക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**